LIBRARY ARCHIVES Kerala Legislative Assembly

കേബിൾ വലിക്കുന്നതിനുള്ള അനുവാദം

110 (4733) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേബിൾ വലിക്കുന്നതിനായി ഇപ്പോൾ നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(ബി) ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഫീസ് അടയ്ക്കേണ്ടതുണ്ടോ ; ഉണ്ടെങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) അണ്ടർഗ്രൗണ്ട് കേബിളുകൾ സ്ഥാപിക്കുമ്പോൾ പി.ഡബ്ല്യു.ഡി യുടെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും പ്രത്യേക അനുവാദം വാങ്ങിക്കുന്ന സംവിധാനം നിലവിലുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇതിനായി പ്രത്യേക നിർദ്ദേശം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) കേബിൾ വലിക്കുന്നതിനായി വ്യക്തമായ മാനദണ്ഡങ്ങൾ ഒന്നും തന്നെ ഈ വകുപ്പിൽ നിന്ന് പുറപ്പെടുവിച്ചിട്ടില്ല.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള പി.ഡബ്ല്യു.ഡി നിരക്ക് പ്രകാരം ഫീസ് അടയ്ക്കേണ്ടതാണ്.

(സി) ഉണ്ട്.

(ഡി) ബാധകമല്ല.

കടുത്തുരുത്തി ഫയർസ്റ്റേഷന് കെട്ടിട വാടക

111 (4734) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി ഫയർ സ്റ്റേഷന് കെട്ടിടവാടക നൽകുന്നതിനു വേണ്ടി കടുത്തുരുത്തി പഞ്ചായത്ത് എടുത്ത തീരുമാനം തടഞ്ഞിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(സി) ഫയൽ നമ്പർ 27344/ഇയു/2009,27846/എഫ്.എം/10 എന്നീ ഫയലുകളിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഫയലുകൾക്ക് തീർപ്പു കൽപ്പിക്കാൻ കാലതാമസം വരുത്തുന്നത് എന്തു കൊണ്ടാണ് ;

(ഇ) വാടക നൽകാതിരിക്കുന്നതുമൂലം ഫയർസ്റ്റേഷൻ കടുത്തുരുത്തിക്ക് നഷ്ടപ്പെടാൻ ഇടയാകുമെന്ന സന്ദർഭം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ;